ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്തവർക്ക് ഒ. ടി. എസ്. സ്കീം പ്രകാരം അനുവദിച്ച ഇളവ്

27 (1822) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്തവർക്ക് ഒ. ടി. എസ്-സ്കീം പ്രകാരം ഇളവ് അനുവദിക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി ഏത് വർഷം മുതലാണ് ആരംഭിച്ചത് ;

(സി) ഇളവ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങളും വ്യവസ്ഥകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെയായി എത്രയെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഇളവ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഓരോരുത്തരും അടയ്ക്കാനുള്ള തുക എത്രയായിരുന്നെന്നും ഇളവ് അനുവദിച്ച തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(എഫ്) പലിശ നിരക്കിൽ വളരെ കുറവ് വന്ന സാഹചര്യത്തിൽ വായ്പയെടുത്തവരുടെ പലിശ നിരക്കിൽ കൂടുതൽ ഇളവ് അനുവദിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്തവർക്ക് ഒ. ടി. എസ്. സ്കീം പ്രകാരം ഇളവ് അനുവദിക്കാറുണ്ട്.

(ബി) ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്ന് കാലഘട്ടത്തിലാണ് ഈ പദ്ധതി നിലവിൽ വന്നത്.

(സി) കാലാകാലങ്ങളായി വായ്പ തുകയും പലിശയും അടയ്ക്കാതെ വരികയും സാമ്പത്തിക പരാധീനതയുള്ളതും പ്രവർത്തന മാന്ദ്യം സംഭവിക്കുകയോ പ്രവർത്തനം നിറുത്തി വയ്ക്കുകയോ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെയാണ് ഇതിനായി പരിഗണിക്കാറുള്ളത്. ഇപ്പോൾ ഈ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിന് ചെറുകിട വ്യവസായ വികസന ബാങ്കിന്റെയും ഭാരതീയ റിസർവ് ബാങ്കിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിച്ചിരിക്കുന്നു.

(ഡി) വർഷംതോറും ശരാശരി നാന്നൂറോളം വ്യവസായ സ്ഥാപനങ്ങൾ ഈ പദ്ധതി പ്രകാരം വായ്പ അടച്ചു തീർക്കുന്നുണ്ട്.

(ഇ) തുടക്കം മുതലുള്ള വിശദമായ കണക്കുകൾ വിവിധ ശാഖകളിൽ നിന്നും ശേഖരിച്ചു വരുന്നു. സമാഹൃത കണക്കുകൾ ഉടനെ തന്നെ സമർപ്പിക്കുന്നതാണ്.

(എഫ്) കോർപ്പറേഷൻ പലിശ നിശ്ചയിക്കുന്നത് ചെറുകിട വ്യവസായ വികസന ബാങ്കിന്റെ നിർദ്ദേശ പ്രകാരമാണ്. പുനർ വായ്പയായി (റീ-ഫിനാൻസ്)

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട വ്യവസായ വികസന ബാങ്കിൽ നിന്നും ലഭിക്കുന്ന തുകയും 10 വർഷ കാലാവധിക്ക് പുറപ്പെടുവിക്കുന്ന കടപ്പത്രം മുഖേന ലഭിക്കുന്ന തുകയുമാണ് കോർപ്പറേഷന്റെ പ്രധാന ധനാഗമ മാർഗ്ഗം. വായ്പയുടെ ചെലവ് (കോസ്റ്റ്) 12.25 ശതമാനവും കടപ്പത്രം മുഖേനയുള്ള തുകയ്ക്ക് 12 ശതമാനവും ശരാശരി ചെലവ് നിലവിലുണ്ട്. ആയതിനാൽ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ പലിശ കുറയ്ക്കുന്നതനുസരിച്ച് കോർപ്പറേഷന് പലിശ കുറയ്ക്കാൻ നിർവ്വാഹമില്ല.

സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

28 (1823) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യുന്ന വാഹനങ്ങളെ മറ്റേതെങ്കിലും കമ്പനിയുമായുള്ള വ്യവസ്ഥകളനുസരിച്ചാണോ ഇൻഷ്വർ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടപരിഹാരം ഇനത്തിൽ എന്തു തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നതിലേക്കായി ഇൻഷ്വറൻസ് കമ്പനികളുമായി ധാരണയുണ്ടാക്കുന്നതിനായി കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റു ഇൻഷ്വറൻസ് കമ്പനികൾക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്തു തുക നൽകിയിട്ടുണ്ടെന്നും ഏതൊക്കെ കമ്പനികൾക്കു എത്ര രൂപ വീതമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അല്ല. മോട്ടോർ താരീഫ് അഡ്വൈസറി കമ്മറ്റിയുടെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഇൻഷ്വറൻസ് വകുപ്പിൽ വാഹനങ്ങളെ ഇൻഷ്വർ ചെയ്യുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടപരിഹാര ഇനത്തിൽ 35,44,17,851 (മുപ്പത്തിയഞ്ച് കോടി നാൽപ്പത്തി നാല് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി അൻപത്തിയൊന്ന്) രൂപ നൽകിയിട്ടുണ്ട്.

(സി) 1-4-1974-ൽ നിലവിൽ വന്ന റീ-ഇൻഷ്വറൻസ് ഉടമ്പടി അനുസരിച്ച് അന്നത്തെ മേജർ ഇൻഷ്വറൻസ് കമ്പനിയായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുൾപ്പെടെ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന്റെ മറ്റ് മൂന്ന് സഹായ കമ്പനികളായ ഓറിയന്റൽ, ന്യൂ ഇൻഡ്യാ, നാഷണൽ എന്നിവയുമായി റീ-ഇൻഷ്വറൻസ് ബിസിനസ്സ് ചെയ്യണമെന്നുള്ളതാണ് മാനദണ്ഡം. മറ്റ് കമ്പനികളുമായി യാതൊരു വിധ ഉടമ്പടികളും നിലവിലില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റ് ഇൻഷ്വറൻസ് കമ്പനികൾക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly